പതിനാലാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2750 12.03.2018-ൽ മറുപടിക്ക്

# നദീതീര സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജെയിംസ് മാത്യൂ<br>ശ്രീ. കെ.വി.വിജയദാസ്<br>എസ്.രാജേന്ദ്രൻ<br>പുരുഷൻ കടലുണ്ടി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) അനധികൃത മണൽ വാരൽ, കരയിടിച്ചിൽ, കൈയ്യേറ്റം എന്നിവ മൂലം സംസ്ഥാനത്തെ നദീതീരങ്ങളും നദികളും തന്നെ വ്യാപകമായ തോതിൽ നശിപ്പിക്കപ്പെടുന്നത് കണക്കിലെടുത്ത് നദീതീര സംരക്ഷണത്തിനായി നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) അനധികൃത മണൽ വാരൽ, കരയിടിച്ചിൽ , കൈയ്യേറ്റം എന്നിവ തടയുന്നതിനായി താലൂക്ക് ജില്ലാതലങ്ങളിൽ റവന്യൂ വകുപ്പും, പോലീസ് വകുപ്പും സ്ക്വാഡുകൾ രൂപീകരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. അനധികൃത ഖനനം, കൈയ്യേറ്റം, കരയിടിച്ചിൽ എന്നിവ മൂലം നദീതീരങ്ങളും നദികളും നശിക്കുന്നത് തടയുന്നതിലേയ്ക്ക് നദീതീരങ്ങളിൽ സംരക്ഷണ ഭിത്തികൾ കെട്ടിയും, കണ്ടൽ ചെടികൾ ഉൾപ്പെടെയുള്ള സസ്യങ്ങളും മരങ്ങളും നട്ടുപിടിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| (ബി) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കാവുന്ന പദ്ധതികൾ എന്തെല്ലാമാണ്; പ്രസ്തുത ഫണ്ടിൽ മിച്ചം തുകയുണ്ടായിട്ടും വേണ്ട വിധത്തിൽ നദീതീര സംരക്ഷണ പദ്ധതികൾ നടക്കുന്നില്ലെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) കേരളാ നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങളിലെ ചട്ടം 22(3) അനുശാസിക്കുന്ന കാര്യങ്ങൾക്കാണ് റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിക്കുന്നത്. സർക്കാർ അംഗീകരിച്ച നദീതീര വികസന പദ്ധതികൾ നടപ്പാക്കാനുള്ള ചിലവ്, മണലിന്റെ അളവ് തിട്ടപ്പെടുത്തുന്നതിനു വേണ്ടി വരുന്ന തുക, ജില്ലാതല വിദഗ്ധ സമിതി എന്നിവയിലെ അംഗങ്ങളുടെ യോഗനടപടികളുമായി ബന്ധപ്പെട്ട യാത്രാബത്ത, ദിനബത്ത, ഓഡിറ്റ് ഫീസ്, പ്രകൃതി ക്ഷോഭം, വരൾച്ച , പേമാരി എന്നിവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ പുനഃസ്ഥാപിക്കുന്നതിലേയ്ക്കായി സർക്കാർ നടത്തിയതും, പൂർത്തീകരിച്ചിട്ടുള്ളതുമായ പ്രവൃത്തിൾക്ക് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോട് കൂടി നൽകുന്ന ചിലവുകൾ, കടവ് നിർത്തൽ ചെയ്യുന്നതിനും, സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനും ആവശ്യമായ ചിലവുകൾ, ജീവനക്കാരുടെ ദിവസ വേതനത്തിലുള്ള ചിലവുകൾ, വാഹനങ്ങൾ കടവിൽ പ്രവേശിക്കുന്നത് തടയുന്നതിനായി സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനുള്ള ചിലവുകൾ. |

സാൻഡ് ഓഡിറ്റിംഗ്, റിവർബാങ്ക് മാപ്പിംഗ് തുടങ്ങിയവയ്ക്കുള്ള ചിലവുകൾ എന്നിവ റിവർമാനേജ്മെന്റ് ഫണ്ടിൽ നിന്നാണ് വഹിക്കുന്നത്. മേൽ പറഞ്ഞ കാര്യങ്ങൾ യഥാസമയം നിർവ്വഹിച്ചു വരുന്നു.

(സി) നദീതീര സംരക്ഷണത്തിനായുള്ള ജില്ലാ വിദഗ്ധസമിതിയുടെ കർത്തവ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; പ്രസ്തുത വിദഗ്ധസമിതിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

(സി) കടവ് കമ്മിറ്റി രൂപീകരിക്കൽ, കടവുകളിൽ നിന്നും വാരാവുന്ന മണലിന്റെ അളവ് നിർണ്ണയിക്കുക, മണൽ വാരലുമായി ബന്ധപ്പെട്ട പ്രാദേശിക തലത്തിൽ കർമ്മ സമിതികൾ രൂപീകരിക്കുക, കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, നദീതീര വികസന പദ്ധതികൾ ആവിഷ്കരിക്കുക, സർക്കാരോ, കളക്ടറോ പുറപ്പെടുവിക്കുന്ന മണൽ വാരൽ ഉത്തരവ് നടപ്പിലാക്കുക തുടങ്ങിയവയാണ് ജില്ലാ വിദഗ്ധ സമിതിയുടെ കർത്തവ്യങ്ങൾ. ജില്ലാ വിദഗ്ധ സമിതിയുടെ പ്രവർത്തനം തുടർന്നു കൂടുന്ന ജില്ലാ വിദഗ്ധ സമിതിയിലും സംസ്ഥാന ഉന്നതതല സമിതിയിലും അവലോകനം ചെയ്യപ്പെടുന്നുണ്ട്. ജില്ലാ വിദഗ്ധ സമിതി അതാത് സമയങ്ങളിൽ കൂടുകയും യോഗനടപടിക്കുറിപ്പ് സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്യുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**